## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2454 08.03.2017- ൽ മറുപടിക്ക്**

**"വ്യവസായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി "**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ (പൊതു - സ്വകാര്യ) വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇനിയും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്തെല്ലാം; | എ) | സംസ്ഥാനത്തെ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ പൊതു-സ്വകാര്യ മേഖലകളിലെ വ്യവസായങ്ങളുടെ നവീകരണം, വൈവിധ്യ വത്ക്കരണം, വിപുലീകരണം എന്നിവ നടത്തുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഈ വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നം വ്യാപാരം നടത്തുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതുവഴി വ്യാപാര രംഗത്തും വളരെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. |
| ബി) | ചെറുകിട സംരംഭകർക്ക് പ്രോത്സാഹനം നൽകുന്ന എന്തെല്ലാം നടപടികളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | ബി) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും സ്കൂൾ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ ഡി ക്ലബ്ബുകൾ) വഴിയും സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ |

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്ന തിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. വിപണന പ്രോത്സാഹനാർത്ഥം ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ പ്രവർത്തന മേളകൾ സംഘടിപ്പിക്കുന്നുമുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**